# ശബരിമലയെ തിരിച്ചുതരുമോ?

കെ.എസ്. പ്രമോദ്

ശബരിമല തീർത്ഥാടനം മലയാളിക്ക് മറക്കാനാവാത്ത ഒരു ഗൃഹാതുര സ്മരണയായിരുന്നു. വൃശ്ചിക പുലരിയിലെ കുളിയും കറുപ്പും മാലയുമായുള്ള ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന വ്രതവും. ഒടുവിൽ ഇരുമുടികെട്ടേന്തി ശരണം വിളിച്ച് കാടിനു നടുവിലൂടെയുള്ള യാത്ര. പുണ്യനദിയായ പമ്പയിലെ തെളിനീരിൽ കുളിച്ചുള്ള നീലമല കയറ്റം. കാടുകൾക്കു നടുവിൽ തലയുയർത്തി നിൽക്കുന്ന കൽക്ഷേത്രത്തിലേക്കുള്ള പതിനെട്ടാംപടി ചവിട്ടൽ. വൻമരങ്ങൾക്കു താഴെ വിരിപ്പുവെച്ച് അയ്യപ്പനെ മനസ്സിൽ ധ്യാനിച്ചുള്ള വിശ്രമം. ജാതിയും മതവുമൊന്നും അതിർവരമ്പുകൾ തീർക്കാത്ത എല്ലാവരും അയ്യപ്പൻമാരായി തീരുന്ന നാളുകൾ.



ഇത്തരം സ്മരണകൾ തന്നെയാണ് നിങ്ങൾക്കിപ്പോഴും ശബരിമലയെ കുറിച്ചുള്ളത് എങ്കിൽ നിങ്ങളൊരിക്കലും അവിടേക്ക് പോകാതിരിക്കുക. കാരണം, ശബരിമലയും വാണിജ്യവൽക്കരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. വികസനത്തിന്റെ പിടിയിൽ ഈ കാനന ക്ഷേത്രത്തിന്റെ പരിശുദ്ധിയും നഷ്ടപ്പെട്ടു.

പുണ്യനദിയായ പമ്പയിൽ കുളിച്ചുകയറിയാൽ നിങ്ങൾക്കു ലഭിക്കുക സാംക്രമിക രോഗങ്ങളായിരിക്കും. സന്നിധാനത്തെ പൊതു കക്കൂസുകളിലെ മലം കാക്കത്തോടുവഴി ചെന്നെത്തുന്നത് പമ്പയിൽ. പമ്പാതീരത്തെ കക്കൂസുകളിലെ പൈപ്പുകളാകട്ടെ നേരെ തുറക്കുന്നത് പമ്പയിലേക്കും. കല്ലും മുള്ളും ചവിട്ടി കയറേണ്ട പഴയ കാനനപാത ഇന്നില്ല പകരം കോൺക്രീറ്റ് റോഡാണ്. കാലുപൊള്ളാതിരിക്കാൻ ചെരിപ്പുപയോഗിക്കാമല്ലോ?

വഴിനീളെ കച്ചവടങ്ങളാണ്. നാട്ടിൽ രഹസ്യമായി ലഭിക്കുന്നതൊക്കെ പരസ്യമായിത്തന്നെ ഇവിടെ ലഭിക്കുന്നു. മദ്യവും കഞ്ചാവും വടിവാളും കത്തിയും വാളുമടങ്ങുന്ന ആയുധങ്ങളും. തിരക്കേറിയതോടെ യാത്രയ്ക്കിടയിലുള്ള പാചകം അന്യമായി. ഹോട്ടലുകളിൽനിന്നു പറയുന്ന പണം കൊടുത്ത് വല്ലതും വാങ്ങി കഴിക്കുക. വിലയധികമെന്നു തോന്നുന്നുണ്ടോ? മിണ്ടാതിരിക്കുക– മാനഹാനി, ശരീരവേദന ഒക്കെ ഒഴിവാക്കാം. വികസനം ഏറിപോയതുകൊണ്ടാകാം ദർശനത്തിനു ശേഷം സമയത്തിനു മടങ്ങാൻ അപ്പവും അരവണയുമൊക്കെ കരിഞ്ചന്തയിൽ വാങ്ങുകയും ചെയ്യാം.

മലകയറുമ്പോഴും തിരിച്ചിറങ്ങുമ്പോഴും അറിയാതെ തന്നെ ഇപ്പോഴും ശരണം വിളിച്ചുപോകും. ഡോളി എന്ന മഞ്ചലിൽ ആളുകളെ മലയിലെക്കെത്തിക്കുന്നവരുടെ ഇടികൊണ്ടിട്ട് കെട്ടില്ലാതെയും ക്ഷേത്രദർശനം നടത്താം. പതിനെട്ടാംപടി എന്ന സാഹസം ഒഴിവാക്കണമെന്ന് മാത്രം. അതല്ല അതുവഴി കയറി അതിന്റെ രസമറിയണമെന്നുണ്ടെങ്കിൽ ഇൻസ്റ്റന്റ് ഇരുമുടി കെട്ട് താഴെ വാങ്ങാൻ കിട്ടുകയും ചെയ്യും.

വികസനത്തിന്റെ കുത്തൊഴുക്കിൽ ശബരിമലയ്ക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് അതിന്റെ ചൈതന്യമാണ്. ശബരിമല തീർത്ഥാടനം ഭക്തർക്ക് പകർന്നു നല്കിയിരുന്നത് പുതിയൊരു മനസും സമഭാവനയും വിശാല ചിന്താഗതിയുമൊക്കെ ആയിരുന്നെങ്കിൽ ഇന്നത് മാൽസര്യ ചിന്തകളായിരിക്കുന്നു. അവസാനമില്ലാത്ത വികസന പദ്ധതികൾ ഓരോന്നായി ശബരിമലയുടെ ശേഷിക്കുന്ന വിശുദ്ധിയും ഊറ്റിയെടുത്തുകൊണ്ടിരിക്കുന്നു.

## വികസനവാദവും ശബരിമലയും

ശബരിമല തീർത്ഥാടനത്തിനായി തുറന്നുകൊടുത്തിരുന്നത് വർഷത്തിൽ രണ്ടുതവണയായിരുന്നു. വൃശ്ചികപുലരി തൊട്ട് തുടങ്ങുന്ന മണ്ഡലകാലത്തും മേടം 1ന് വിഷുക്കണി ദർശനത്തിനും. കന്നി അയ്യപ്പൻമാർ ശബരിമലയിലേക്ക് വരേണ്ടതാകട്ടെ എരുമേലി – അവതു – പമ്പ വഴി കാൽനടയായും. പിന്നീട് ചാലക്കയം– പമ്പ റോഡ് വന്നു. പമ്പയിൽനിന്ന് നാലു കിലോമീറ്റർ മലകയറിയാൽ ശബരിമലയിലെത്താം എന്നായി. അതിൽപിന്നെ സ്വാമി അയ്യപ്പൻ റോഡുവഴി നാലര കിലോമീറ്റർ ദൂർഘടം കുറഞ്ഞ പാതയും വന്നു. ഏറിവരുന്ന ഭക്തജന തിരക്കുമൂലം എല്ലാ മലയാളമാസം ഒന്നാം തിയതിയും നട തുറക്കുവാനുള്ള തീരുമാനവുമായി. ഇതിനിടയിൽ ശബരിമലയുടെ കോൺക്രീറ്റ് വികസനവും നടക്കുന്നുമുണ്ടായിരുന്നു. വൻവൃക്ഷങ്ങളുടെ തണലിൽ വിരിവെച്ചിരുന്ന അയ്യപ്പൻമാർക്ക് മരങ്ങൾ വെട്ടി ആസ്ബസ്റ്റോസ് വിരിപ്പുകൾ വന്നു. ദർശനം നിയന്ത്രിക്കാൻ വൻ കോൺക്രീറ്റ് ഫ്ളൈ ഓവർ, വിഷ്ടാതിഥികൾക്ക് ഗസ്റ്റ് ഹൗസുകൾ, ദേവസ്വം ഓഫീസുകൾ, താമസസ്ഥലങ്ങൾ, പോലീസ് വാച്ച് ടവർ എന്നിങ്ങനെ നിബിഡവനത്തിനു നടുവിൽ ചെറിയൊരു നഗരം ഉയർന്നുവന്നു.

ശബരിമല ക്ഷേത്രം നിലകൊള്ളുന്ന ഭൂമി ലോകപ്രശസ്തമായ പെരിയാർ ടൈഗർ റിസർവിന്റെ ഭാഗമായ റിസർവ് ഫോറസ്റ്റാണ്. ഇതിനുള്ളിലാണ് 25 ഹെക്ടറിലെ കോൺക്രീറ്റ് വനം. എന്നാൽ ഇതുകൊണ്ടൊന്നും വികസനവാദികൾ തൃപ്തരായില്ല. ഒടുവിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവരൊരു പദ്ധതി മുന്നോട്ടുവച്ചു. ഭൂദ്രവനം പദ്ധതി എന്നപേരിലുള്ള ഈ പദ്ധതിപ്രകാരം വികസനം 100 ഹെക്ടർ വനം ഉപയോഗിച്ച് 300 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ളതായിരുന്നു. അയ്യായിരത്തോളം പേർക്ക് താമസിക്കാവുന്ന 40 ഡോർമിറ്ററികൾ, ഹെലിപാഡ്, ഷോപ്പിംഗ് കോംപ്ലക്സുകൾ, ടെലിഫോൺ എക്സ്ചേഞ്ചുകൾ, പഞ്ചനക്ഷത്ര ആശുപത്രി, ഇലക്ട്രിസിറ്റി സബ് സ്റ്റേഷൻ തുടങ്ങിയ ഒരു ആധുനിക ടൗൺഷിപ്പ്. ഭാഗ്യവശാൽ ഭക്തരുടേയും പരിസ്ഥിതി സ്നേഹികളുടേയും എതിർപ്പുമൂലം പദ്ധതി നടന്നില്ല. അയ്യപ്പന്റെ

ശേഷം 5-ാം പേജിൽ

# ശബരിമലയെ തിരിച്ചു തരുമോ

(ഒന്നാം പേജ് തുടർച്ച)

പൂങ്കാവനം താത്ക്കാലികമായെങ്കിലും രക്ഷപ്പെട്ടു.

കാട്ടിലെ തടിയിലും കൈമറിയപ്പെടുന്ന കോടികളിലും കണ്ണുവെച്ച് രുദ്രവനം പദ്ധതിക്ക് ചരടുവലിച്ചവർ പ്രതീക്ഷ പിൻവലിക്കാൻ ഭാവമില്ല. വികസനം ഒറ്റയടിക്കല്ലെങ്കിലും ഘട്ടം ഘട്ടമായി 20 ഹെക്ടർ ഭൂമി അടിയന്തിരമായി വികസന പ്രവർത്തനങ്ങൾക്കു വിട്ടുകിട്ടണമെന്നാണ് ദേവസ്വം ബോർഡിന്റെ പുതിയ ആവശ്യം. ഇതിൽ 15 ഹെക്ടർ ഭൂമി പെരിയാർ ടൈഗർ റിസർവിന്റെ ഭാഗമാണ്. അയ്യപ്പസ്വാമിയുടെ കളിത്തോഴരായ പുലികൾ വസിക്കുന്ന സ്ഥലം. ഇതു കൂടാതെ പമ്പയിലെ ഗതാഗതതിരക്ക് കുറയ്ക്കാൻ ചാലക്കയം പമ്പ റോഡിൽ ഫ്ളൈഓവറും (മേൽപ്പാലം) എരുമേലിയിൽനിന്ന് പമ്പവരെ കാട് തെളിയിച്ചുകൊണ്ടുള്ള ഒരു സമാന്തരപാതയും നിർമിക്കാനുള്ള നിർദേശം പൊതുമരാമത്ത് വകുപ്പും മുന്നോട്ടുവച്ചിട്ടുണ്ട്. ഇതും വനം വകുപ്പിന്റെ അനുമതി കാത്തുകിടക്കുകയാണ്. ഒരു കാനന ക്ഷേത്രമായ ശബരിമലക്ക് അതിന്റേതായ വിശുദ്ധിയും ചൈതന്യവും പകർന്ന് നൽകുന്നത് ചുറ്റുമുള്ള കാടുകളും പമ്പാനദിയുമൊക്കെയാണ്. ഇതൊക്കെ നശിപ്പിച്ചുകൊണ്ടുള്ള വികസനം ആർക്കും വേണ്ടിയാണെന്ന ചോദ്യമുയരുമ്പോൾ ഭക്തജനങ്ങൾക്കു വേണ്ടിയാണെന്ന് ദേവസ്വം ബോർഡ് മറുപടി പറയുന്നു. ആരാണ് ഭക്തജനങ്ങൾ. തീർത്ഥാടനത്തെ ടൂറിസമായി കാണുന്ന മോഡേൺ അയ്യപ്പൻമാരോ?

ശബരിമല വികസനത്തിനു വാദിക്കുന്നവർ മാതൃകയാക്കുന്നത് തിരുപ്പതിയെയാണ്. സമർത്ഥമായ കച്ചവടക്കണ്ണോടെ ശബരിമലയെ ഉപയോഗിച്ചാൽ തിരുപ്പതി നേടുന്നതിലും വരുമാനം ശബരിമലയ്ക്കുണ്ടാക്കാം എന്നു അവർ ചൂണ്ടിക്കാണിക്കുന്നു. തിരുപ്പതി ക്ഷേത്രത്തിനും ചുറ്റുണ്ടായിരുന്നത് നിബിഡവനങ്ങളായിരുന്നില്ല എന്നും പകരം മൊട്ടകുന്നുകളും വെളിപറമ്പുകളുമായിരുന്നുവെന്നും അവർ ബോധപൂർവം മറക്കുന്നു.

## കാട്ടിലെ തടി തേവരുടെ ആന

കേരളത്തിൽ ഏറ്റവുമധികം വരുമാനം ലഭിക്കുന്ന ക്ഷേത്രമാണ് ശബരിമല. ക്ഷേത്രത്തിന്റെ ഭരണം നിർവഹിക്കുന്ന ദേവസ്വം ബോർഡിൽ കയറിപറ്റാൻ അതുകൊണ്ടുതന്നെ നല്ല സ്വാധീനവും വേണ്ടിവരുന്നു. കുന്നുകൂടുന്ന പണവും അതെങ്ങനെ ചിലവിടണമെന്നറിയാതെ ദേവസ്വവും. വെറുതെയിരിക്കുന്ന പണം കൈകളിലേക്കെങ്ങനെ എത്തും? അവിടെയാണ് വികസനം അനിവാര്യമാകുന്നത്. നിർമാണപ്രവർത്തനങ്ങൾ, മരാമത്തുകൾ, ടെണ്ടർ, ലേലമുറപ്പിക്കൽ – കൈമറയുന്നത് കോടികളാണ്. വിതരണത്തിലുമാണ് സോഷ്യലിസം. ബോർഡ് അധികാരികൾ, ഉദ്യോഗസ്ഥർ, വനം വകുപ്പ് അധികൃതർ, കോൺട്രാക്ടർമാർ, വനംകൊള്ളക്കാർ, പമ്പയിലെയും സന്നിധാനത്തിലെയും കച്ചവടക്കാർ, രാഷ്ട്രീയക്കാർ. ദീപസ്തംഭവും മഹാശ്ചര്യം എല്ലാവർക്കും കിട്ടണം പണം. ഇവിടെയാണ് വികസനം ഒഴിച്ചുകൂടാനാകാതെ വരുന്നത്. വികസനം ശരണം. ശരണം വികസനം.

ഭാവനയിൽപോലും ചിന്തിക്കാനാവാത്ത മാസ്റ്റർ പ്ലാനുകളാണ് ദേവസ്വം അധികാരികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്ന് തയാറാക്കുന്നത്. അയ്യപ്പൻമാർക്ക് സമയത്തിന് അപ്പവും അരവണയും വിതരണം ചെയ്യാൻ കഴിയാത്തവരാണ് മാസ്റ്റർ പ്ലാനുകൾ നടപ്പിലാക്കാൻ പോകുന്നത്, എന്നോർക്കുമ്പോൾ ചിരിക്കാനല്ലാതെ (അതോ കരയാനോ) എന്തിനു കഴിയും.

## അടിക്കാടുകൾ തെളിയുന്നു

വ്യാപാര വാണിജ്യ ആവശ്യങ്ങൾക്കും ഹോട്ടൽ നടത്തിപ്പിനുമായി സ്ഥലം ലേലം ചെയ്ത് കൊടുക്കുകയാണ് പതിവ്. ലേലം ചെയ്തെടുക്കുന്നവരിൽ പലരും. പുരകെട്ടി ഉണ്ടാക്കാൻ ഉപയോഗിക്കുന്നത് അടിക്കാടായുള്ള മരങ്ങളാണ്. ഇത് ശ്രദ്ധിക്കാനോ വനം വകുപ്പിനാകുന്നില്ല. ഹോട്ടലുകൾ നടത്തുന്നവരും ശബരിമലയിൽ കച്ചവട ആവശ്യങ്ങൾക്ക് താമസമാക്കിയിട്ടുള്ളവരുമൊക്കെ വിറകായുപയോഗിക്കുന്നതും ശബരിമലയിലെ അടിക്കാടുകൾ തന്നെ. അടിക്കാടുകളുടെ വ്യാപകമായ നാശം വരുത്തിവെക്കുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ വരാനിരിക്കുന്നതേയുള്ളൂ. ഇതൊന്നും തടയാനാകാത്ത ദേവസ്വം അധികാരികളും വനംവകുപ്പും വികസനം സൃഷ്ടിക്കുന്ന ഗുരുതര പ്രശ്നങ്ങൾക്കെങ്ങനെയാണ് പരിഹാരം കാണുക.

## തീർത്ഥാടനം എന്ന ടൂറിസം

ഇന്നത്തെ ശബരിമലയിൽ അയ്യപ്പൻമാരെ അത്ഭുതപ്പെടുത്താത്ത ഒരു കാഴ്ചയാണ്. ബർമുഡയും ടീഷർട്ടും ധരിച്ച് ക്യാമറയും കൂളിംഗ് ഗ്ലാസും വാക്ക്മാനുമായി മോഡേൺ ശരണം വിളികളുമായി മലകയറിയെത്തുന്ന സഞ്ചാരികൾ. പിൽഗ്രിമേജ് ടൂറിസം എന്ന് നാം ഓമനപേരിട്ട് വിളിക്കുന്ന ഉത്തരം സാധ്യതകൾക്കുംകൂടി വേണ്ടിയാണ് വികസനം ശബരിമലക്ക് ആവശ്യമായിവരുന്നത്. അടുത്ത നൂറ്റാണ്ടിലെ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ ടൂറിസത്തെ ആശ്രയിച്ചാണല്ലോ. ശബരിമലയിൽ ഇന്ന് രഹസ്യമായി വില്പനയ്ക്കെത്തുന്ന മദ്യവും കഞ്ചാവുമൊക്കെ ഇത്തരം ആധുനിക സ്വാമിമാരെ മുന്നിൽ കണ്ടാണ്. ഇനി ലൈസൻസിനുവേണ്ടി മുറവിളികൂട്ടുന്ന ലൈംഗിക തൊഴിലാളികളും ശബരിമലയുടെ സാധ്യതകൾകണ്ട് മനുഷ്യാവകാശസമരങ്ങൾക്കിറങ്ങുമോ ആവോ. ഭാവിയിൽ സ്റ്റാർ ഹോട്ടലുകളും നിശാനൃത്തശാലകളും ഇവിടെ വരുന്നെങ്കിൽതന്നെ ഞെട്ടേണ്ടതില്ല സ്വാമി




തിന്തകതോം തോം. അയ്യപ്പതിന്തകതോം, തോം എന്നാണല്ലോ പുതിയ ശരണം വിളി.

## നഷ്ടപ്പെടുന്ന സമഭാവന

ദിവസങ്ങളോളം നീളുന്ന വ്രതാനുഷ്ഠാനം കഴിഞ്ഞ് ശബരിമലയിലെത്തുന്ന അയ്യപ്പൻമാരെല്ലാം സമന്മാരായിരുന്നു. ക്ഷേത്രപ്രവേശനത്തിനുമുമ്പും പുലയനും നമ്പൂതിരിയും ഒരുമിച്ചുനിന്ന് ശബരിമല ശാസ്താവിനെ വണങ്ങിയിരുന്നു. വാവരെയും ആരാധിക്കുന്ന ഇവിടം. ക്രിസ്ത്യാനിക്കും മുസൽമാനും അന്യവുമായിരുന്നില്ല. എന്നാൽ ഇന്ന് ശബരിമല ഒരു മതവിഭാഗത്തിന്റെ മാത്രം ആരാധനാലയമാണ് എന്ന നിലയിലുള്ള പ്രചരണങ്ങൾ നടന്നുവരുന്നു. ശബരിമല മേൽശാന്തി നിലയ്ക്കൽപള്ളി സന്ദർശിച്ചതിനെ തുടർന്നുണ്ടായ വിവാദവും ഇതിനോടു ചേർത്ത് വായിക്കാവുന്നതാണ്. ശബരിമല തീർത്ഥാടന വാഹനങ്ങളിൽ പാറുന്ന കാവികൊടി നൽകുന്ന സൂചനയും മറ്റൊന്നല്ല.

വി.ഐ.പി.കൾക്ക് ദർശനത്തിനും താമസത്തിനുമുള്ള പ്രത്യേക സൗകര്യങ്ങളും നഷ്ടമാകുന്ന സമഭാവത്തിന്റെ ഭാഗമാണ്. ധനിക, ദരിദ്ര, ജാതി, മത ഭേദമെന്യേ എല്ലാവരുടേതുമായിരുന്ന ഈ ക്ഷേത്രത്തിന്റെ വാണിജ്യവൽക്കരണം നഷ്ടപ്പെടുത്തുന്നത് അതിന്റെ അടിസ്ഥാന തത്വങ്ങളെ തന്നെയാകുമ്പോഴും പ്രതികരണങ്ങൾ ഉയരുന്നില്ല.

## തഴച്ചുവളരുന്ന യാചകവൃത്തി

ശബരിമലപ്പാതയ്ക്കിരുവശവും ഇന്ന് നിരനിരയായിരിക്കുന്ന യാചകരാണ്. ദൈന്യതയും മുറിഞ്ഞ അവയവങ്ങളും ഈച്ചയാർക്കുന്ന മുറിവുകളും പ്രദർശിപ്പിച്ച് വരുമാനമുണ്ടാക്കുന്നവർ. ശബരിമല തീർത്ഥാടനത്തിന്റെ പ്രധാന ചര്യകളിലൊന്നാണ് യാത്രയ്ക്കിടയിലുള്ള ദാനം. കിഴികെട്ടിയ ചില്ലറയുമായി മലക്ക് പോകുന്ന അയ്യപ്പന്മാരുടെ ദാനശീലത്തെ മുതലെടുത്ത് അന്യസംസ്ഥാനങ്ങളിൽനിന്നുവരെ യാചകരെ സീസണിൽ ലോറികളിൽ കൊണ്ടുവന്നിറക്കി കോൺട്രാക്ട് അടിസ്ഥാനത്തിൽ കളക്ഷനിരുത്തുന്ന സംഘങ്ങളും ശബരിമലയിൽ പ്രവർത്തിക്കുന്നു.

## ശബരിമല റെയിൽപ്പാത

പശ്ചിമഘട്ടത്തിലെ അവശേഷിക്കുന്ന ചില വനങ്ങളുടെ നാശവും ശബരിമല ടൂറിസം വികസനവും മുന്നിൽകണ്ടുകൊണ്ടാക്കിയ പദ്ധതിയാണ് ശബരിമല റെയിൽപ്പാത. അങ്കമാലിയിൽനിന്ന് തുടങ്ങി, പമ്പവരെയെത്തുന്ന ഈ തീവണ്ടിപ്പാതയ്ക്ക് അറുനൂറ് കോടി രൂപയാണ് കേന്ദ്രഗവൺമെന്റ് അനുവദിച്ചിരിക്കുന്നത്. വനത്തിലൂടെയുള്ള തീവണ്ടിയാത്ര ശബരിമലയാത്രയിലെ 'ആകർഷകമായ' ഒരു ഘടകമായി തീരുമെന്ന് ഉറപ്പ്.

## ശബരിമലയെ വീണ്ടെടുക്കാമോ?

ശബരിമല തീർത്ഥാടനക്കാലത്ത് മൊത്തം മൂന്നുകോടി അയ്യപ്പൻമാർ ശബരിമലയിലെത്തുന്നതായി കണക്കാക്കുന്നു. ഇവർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനാണ് വികസനം എന്ന് അധികൃതഭാഷ്യം. എന്നാൽ എന്താണ് ഈ പ്രാഥമിക സൗകര്യങ്ങൾ. പഞ്ചനക്ഷത്ര ഹോട്ടലിലെ താമസമോ? വൻകിട ഷോപ്പിംഗ് സൗകര്യമോ? ശബരിമല ഒരു വനക്ഷേത്രമാണ്. അതിനു ചുറ്റും വലയം ചെയ്തുനിൽക്കുന്നത് അയ്യപ്പന്റെ പൂങ്കാവനമാണ്. അതിനെ നശിപ്പിച്ചുകൊണ്ടുള്ള യാതൊരു വികസനവും ശബരിമലയിൽ വേണ്ട. പരിമിതമായ സൗകര്യങ്ങളിൽ ഒതുങ്ങിനിന്ന് മലചവിട്ടാനും എന്നുള്ളവർമാത്രം ശബരിമല തീർത്ഥാടനത്തിന് പുറപ്പെട്ടാൽ മതി. പമ്പക്കപ്പുറം നടത്തുന്ന എല്ലാ വികസനപ്രവർത്തനങ്ങളും ഉടൻ മരവിപ്പിക്കേണ്ടതുണ്ട്. സ്വാഭാവികമായും സൗകര്യങ്ങൾ കുറയുമ്പോൾ യാത്ര ദുഷ്കരമാകുമ്പോൾ ടൂറിസ്റ്റ് അനുഭവത്തിനായി ശബരിമലയിലെത്തുന്നവരുടെ എണ്ണം കുറയും. യഥാർത്ഥ ഭക്തൻമാർ മാത്രം ശബരിമലയിലെത്തുകയും ചെയ്യും.

വികസനവും തിരക്കും പരസ്പര പൂരകങ്ങളാണ്. വികസനം കൂടുന്നതിനനുസരിച്ച് തിരക്കും കൂടി. ഇത് കണക്കിലെടുത്ത് വീണ്ടും വികസനം, വീണ്ടും തിരക്ക്. ഒന്നോർക്കുക ശബരിമല തീർത്ഥാടനം യോഗ്യതയുള്ളവർക്കാണ്. സാമ്പത്തികമായോ ജാതിയോ മതമോ ഒന്നുമല്ല, ഈ യോഗ്യതക്കടിസ്ഥാനം. പകരം കർശനമായ വ്രതാനുഷ്ഠാനങ്ങളാണ്. ഇത് പാലിച്ച് ഒരാൾക്ക് ഒരു വികസനത്തിന്റേയും പിൻബലം വേണ്ട മല ചവിട്ടാൻ. ശാസ്താവെന്ന ഏക സത്യം മുന്നിൽകണ്ട് യാത്ര ചെയ്യുന്നവരാണ് ശബരിമലയുടെ യഥാർത്ഥ അവകാശികൾ. അവർക്ക് വികസനവും അയ്യപ്പന്റെ പൂങ്കാവനത്തിന്റെ നാശവുമൊക്കെ ഉണങ്ങാത്ത മുറിപ്പാടുകൾ തന്നെയാണ്.

പൊണ്ണത്തടിയും ജീവിതചര്യ സമ്മാനിച്ച രോഗങ്ങളുമായി ടൂറിസ്റ്റ് കണ്ണോടെ ഡോളിയിലും മറ്റു മലകയറി എത്തുന്നവർക്കാണ് ശബരിമലയിൽ ഹെലിപ്പാടിന്റേയും റോപ് വേയുടേയും നക്ഷത്ര ഹോട്ടലുകളുടേയും കാർഡിയോളജി സെന്ററുകളുടേയുമൊക്കെ ആവശ്യം. പിന്നെ ഭക്തിയും ഉപജീവനമാക്കിയവർക്കും.

ദയവായി ഞങ്ങളുടെ അയ്യപ്പനെ ഞങ്ങൾക്കു വിട്ടുതരിക. നാട്ടിൽ ഒരുപാട് ക്ഷേത്രങ്ങളുണ്ടല്ലോ. അന്താരാഷ്ട്ര വിമാനത്താവളങ്ങൾക്കപ്പുറം ഭൂമി ഒട്ടേറെ ബാക്കി കിടക്കുന്നുമുണ്ട്. എല്ലാവിധ സൗകര്യങ്ങളോടുകൂടിയ ഒരാധുനിക ക്ഷേത്രം അവിടെ പണിയുക വികസനം അവിടേക്ക് മാറ്റുക. ശബരിമലയെ തിരിച്ചുതരിക.